(സി) കാലിക്കട്ട് സർവ്വകലാശാലയിലും ഗാന്ധിജി സർവ്വകലാശാലയിലും ലഭിച്ച പരാതികളെല്ലാം പരിഹരിച്ചു കഴിഞ്ഞു. കേരള സർവ്വകലാശാലയിൽ ഊർജ്ജിത നടപടികളെടുക്കുന്നുണ്ട്. 1,712 പരാതികളും പരിഹരിച്ചുകഴിഞ്ഞു. 7,500 ഓളം പരാതികളും നടപടി ആവശ്യമില്ലാത്ത വയാണ്. ബാക്കി 326 പരാതികളിൻമേൽ നടപടികളും പൂർത്തിയായിവരുന്നു.

പുതിയ കോഴ്സുകൾ

164 [211] ശ്രീ. പി. സീതിഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) ഈ വർഷം ജൂനിയർ കോളേജുകളിൽ പുതിയ കോഴ്സുകൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം കോളേജുകളിൽ ഏതെല്ലാം കോഴ്സുകളാണ് തുടങ്ങുന്നതെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എയും ബിയും) തീരുമാനിച്ചിട്ടില്ല.

സിലബസ്സ് പരിഷ്ക്കരണം

165. [212] ശ്രീ. കെ. മുസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം ഹൈസ്കൂൾ തലം വരെയുള്ള സിലബസ്സ് പരിഷ്ക്കാരങ്ങളെ സംബന്ധിച്ച് വിദ്യാഭ്യാസ വകുപ്പിന് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട് ;

(ബി) ഈ പരാതികളെ സംബന്ധിച്ച് ഗവൺമെൻറ് പരിശോധന നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) സിലബസ്സ് പരിഷ്ക്കരണത്തെ സംബന്ധിച്ച പരാതികൾ ലഭിച്ചിട്ടില്ല.

(ബി) ചില പാഠഭാഗങ്ങളെക്കുറിച്ചുള്ള പരാതികളിൽ ആവശ്യമായ മേൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

വിദ്യാഭ്യാസ ജില്ലകളുടെ പുനഃസംഘടന

166. [213] ശ്രീ. പി. സീതിഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ ;

(എ) സംസ്ഥാനത്തുള്ള വിദ്യാഭ്യാസ ജില്ലകൾ പുനഃസംഘടിപ്പിക്കുന്നതിന് ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇപ്പോൾ ആകെ എത്ര വിദ്യാഭ്യാസ ജില്ലകളാണ് സംസ്ഥാനത്ത് നിലവിലുള്ളത് ;

(സി) ഓരോ വിദ്യാഭ്യാസ ജില്ലാ ആഫീസറുടെയും കീഴിൽ എത്ര എ. ഇ. ഒ. ആഫീസുകൾ വീതമാണ് ഉള്ളത് ;

(ഡി) ഇതിൻറെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്തെ എല്ലാ വിദ്യാഭ്യാസ ജില്ലകളും പുനഃസംഘടിപ്പിക്കണമെന്ന നിർദ്ദേശം സാമ്പത്തിക പരിമിതിമൂലം ഒരുമിച്ച് നടപ്പിലാക്കാൻ സാധ്യമല്ല. എന്നാൽ ഭരണപരമായി അത്യാവശ്യമെന്നു കാണുന്ന വിദ്യാഭ്യാസ ജില്ലകളും പുനഃസംഘടിപ്പിച്ചുകൊണ്ട് ഇത് ഘട്ടം ഘട്ടമായി നടപ്പിലാക്കി വരികയാണ്.

(ബി) 31.

(സി, ഡി) അനുബന്ധമായി കൊടുത്തിട്ടുണ്ട്.†

പുതുതായി ആരംഭിച്ച സ്കൂളുകൾ

167. [214] ശ്രീ. വി. കേശവൻ :

,, കെ. മുസ്സക്കുട്ടി :

,, എം. ജിനദേവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം 1986 മാർച്ച് 31 വരെ സംസ്ഥാനത്ത് പുതുതായി ആരംഭിച്ച സ്കൂളുകൾ എത്ര ;

(ബി) അവയിൽ എൽ.പി. സ്കൂൾ, യു.പി. സ്കൂൾ, ഹൈസ്കൂൾ ഇവ ഓരോന്നും എത്ര വീതമാണ് ;

(സി) ഇതിൽ സഹകാര്യ മേഖലയിലേക്ക് എത്ര ; പൊതു മേഖലയിലേക്ക് എത്ര ;

(ഡി) ഇവയിൽ എയിഡഡ് സ്കൂളുകൾ എത്ര ; അൺ എയിഡഡ് സ്കൂളുകൾ എത്ര ?

ഉത്തരം

(എ) 31-7-1981-ലും 24-2-1982-ലും സർക്കാർ പ്രസിദ്ധീകരിച്ച സ്ഥല നിർണ്ണയ ലിസ്റ്റിലെ 382 സ്ഥലങ്ങളിൽ നിന്നും മുൻ ഗവൺമെൻറ് അനുവദിച്ചതിനുശേഷമുള്ള സ്ഥലങ്ങളിൽ നിയമപരമായ സാധ്യത നിറവേറ്റുന്നതിനായി 85 എയിഡഡ് സ്കൂളുകളും മുൻ ഗവൺമെൻറിൻെറ കാലത്ത് പ്രസിദ്ധീകരിച്ച പ്രാഥമിക ലിസ്റ്റിൻെറ തുടർച്ചയായി 27-1-1983-ൽ പ്രസിദ്ധീകരിച്ച അന്തിമ സ്ഥല നിർണ്ണയ ലിസ്റ്റിൽ നിന്നും 247 എയിഡഡ് സ്കൂളുകളും 294 അൺ എയിഡഡ് സ്കൂളുകളും 116 ഗവൺമെൻറ് സ്കൂളുകളും ഉൾപ്പെടെ 742 സ്കൂളുകൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളത്തിൽ 1986 മാർച്ച് 31 വരെ അനുവദിച്ചിട്ടുണ്ട്.

(ബി, സി, ഡി)	എയിഡഡ് ഹൈസ്കൂളുകൾ	148
,,	യു.പി. സ്കൂളുകൾ	97
,,	എൽ.പി. സ്കൂളുകൾ	87
	ആകെ	332

† അനുബന്ധം—III

LIBRARY ARCHIVES Kerala Legislative Assembly